ശ്രീ. കെ. പി. പ്രഭാകരൻ: മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കാനുള്ള പദ്ധതികളില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കാലവർഷം വന്നാൽ കടലിൽ പോകാൻ കഴിയാതിരിക്കുന്ന തൊഴിലില്ലാതിരിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് രണ്ടാഴ്ചവരെയുള്ള സൗജന്യറേഷൻ ഈ സംസ്ഥാനത്ത് കൊടുത്തുവരാറുണ്ട്. ഈ വർഷം അത് കൊടുക്കില്ല എന്നാണോ ഗവൺമെന്റിന്റെ നിലപാട്?

ശ്രീ. എ. എൽ. ജേക്കബ്: അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: അതല്ല ചോദിച്ചത്. പതിവായി കൊടുക്കാറുള്ള സൗജന്യ റേഷൻ ഈ വർഷം കൊടുക്കുമോ; അതോ കൊടുക്കില്ലെന്നതാണോ ഗവൺമെന്റിന്റെ നിലപാട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അങ്ങനെ എല്ലാവർക്കും രണ്ടാഴ്ച സൗജന്യ റേഷൻ കൊടുക്കുക എന്ന സമ്പ്രദായമില്ല.

ശ്രീമതി കെ. ആർ. ഗൗരി: കടൽക്ഷോഭംമൂലം മാറിത്താമസിപ്പിക്കുന്ന ആളുകൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നു. പക്ഷേ കടൽക്ഷോഭം കൊണ്ട് വീടുവിട്ട് പുറത്തുപോകുന്ന ആളുകളുടെ വീട് കടലെടുത്തു പോകുകയും വീട്ടിൽ ഉള്ള സാധനങ്ങൾ അനാഥമായി തീരുകയും ചെയ്യുന്നുണ്ട്. വള്ളിത്തോട് പ്രദേശത്ത് വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ ഏതാണ്ട് രണ്ടായിരം പേർ വീടുവിട്ട് പോയി. 10—40 വീട് പോയി. അതുപോലെതന്നെ വീടിന്റെ അറ്റം വരെ കടൽ കയറി കഴിഞ്ഞതിനുശേഷം കടൽ തടുക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിലിരിക്കുന്ന തൊഴിലാളികൾക്ക് ജോലിക്കു പോകാൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള മൽസ്യത്തൊഴിലാളികൾക്ക് റേഷൻ കൊടുക്കുന്നതിനുള്ള നടപടി എടുക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇങ്ങനെയുള്ള ഹാർഡ് കേസസ് പരിശോധിക്കാം.

ശ്രീ. ടി. വി. വിജയരാജൻ: മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യത്തോടുകൂടി താമസിച്ച് പഠിക്കുന്നതിന് ഇപ്പോൾ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ നിലവിലുണ്ട്. ആ സ്കൂൾ അപര്യാപ്തമായതിനാൽ കൂടുതൽ സ്കൂളുകൾ തുടങ്ങാനും ഉള്ള സ്കൂളുകളിൽ ഹോസ്റ്റൽ സൗകര്യവും സ്കൂൾ കെട്ടിടവും ഉണ്ടാക്കാനുമുള്ള നടപടി എടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിനെപ്പറ്റി ആലോചിക്കാം.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

*112 [114] ശ്രീ. പി. വിജയദാസ്:
,, ആർ. എസ്. ഉണ്ണി:
,, കെ. കെ. ബാലകൃഷ്ണൻ:
,, കെ. കൃഷ്ണൻകുട്ടി:
ശ്രീമതി റേച്ചൽ സണ്ണി പനവേലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് സിലെ നിയമനം പി. എസ്. സി. ക്ക് വിടാൻ ഇനി ബാക്കിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഏതെല്ലാം;

(സി) ഇവയിലെ നിയമനം പി. എസ്. സി. ക്ക് വിട്ടുകൊടുക്കാതിരിക്കാനുള്ള കാരണമെന്ത്;

(ഡി) ഈ സ്ഥാപനങ്ങളിൽ നിയമനം നടത്തുന്നതെങ്ങനെയെന്ന് വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 41

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(സി) കമ്പനികളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുത്തുകൊണ്ടുള്ള തീരുമാനം പ്രമേയരൂപേണ സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് അവയെ പി. എസ്. സി. യുടെ പരിധിയിൽ കൊണ്ടുവരുന്നതാണ്.

(ഡി) ഓരോ സ്ഥാപനങ്ങളിലും നിയമനം നടത്തുന്നതിനു നിലവിലുള്ള സംവിധാനത്തെ സംബന്ധിച്ചുള്ള വിശദ വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പി. വിജയദാസ്: പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുക്കുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇപ്പോഴത്തന്നെ അതിനുള്ള നിയമം നിലവിലുണ്ട്.

ശ്രീ. പി. വിജയദാസ്: അത് നടപ്പിലാക്കുന്നതുവരെ ഈ പൊതുമേഖലാസ്ഥാപനങ്ങളുടെ നിയമനങ്ങളിൽ സാമുദായിക സംവരണം പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. കെ. കരുണാകരൻ: 49 സ്ഥാപനങ്ങളിൽ അത് നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഡയറക്ടർബോർഡ് കൂടി അത് ഗവൺമെന്റിനെ അറിയിച്ചുകഴിഞ്ഞാൽ അത് പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് ഏതാണ്ട് രണ്ടു കൊല്ലത്തിൽ താഴെ സമയം എടുക്കുന്നുണ്ട്. കൂടുതലായിട്ട് പി. എസ്. സി. യെ ഏൽപ്പിക്കുന്ന കാര്യത്തിലുള്ള സാധാരണ നടപടി അതുവരെയുള്ള നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അതാത് കാലങ്ങളിലുള്ള ഓരോ മാനേജ്മെന്റിന്റെയും ഡയറക്ടർ ബോർഡ് നിശ്ചയിക്കുന്ന വ്യവസ്ഥ അനുസരിച്ച് ആണ് റിക്രൂട്ട്മെന്റ് നടത്തുന്നത് എന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ ഏത് റിക്രൂട്ട്മെന്റായാലും ശരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ആയിരിക്കണമെന്നുള്ളത് നിർബന്ധമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പി. എസ്. സി. ക്ക് വിട്ടുകൊടുത്ത പൊതുമേഖലാസ്ഥാപനങ്ങളിൽത്തന്നെ ക്ലറിക്കൽ പോസ്റ്റും അതിന്റെ മുകളിലുള്ളതും മാത്രമേ പി. എസ്. സി. നടത്തുകയുള്ളൂ. അതുപോലെ എക്സിക്യൂട്ടീവ് പോസ്റ്റ് മാത്രം നടത്തുന്നു. താഴെയുള്ള സാധാരണ കായികാദ്ധ്വാനമുള്ള ജോലികൾക്കൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സാധാരണ തൊഴിലാളികളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഓരോ വ്യവസായത്തിനും അടിസ്ഥാനമായിട്ടുള്ള ജീവനക്കാരെ എടുക്കുന്നത് ഇന്ന് അതാത് വ്യവസായത്തിന്റെ മാനേജ്മെന്റാണ്. അവർക്ക് നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ഫാക്ടറീസ് ആക്ട്, ട്രേഡ് യൂണിയൻ ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് തുടങ്ങിയ നിയമങ്ങളും ബാധകമാണ്. ഈ കാരണത്തൽ അവരെ പി. എസ്. സി. യിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുമാത്രമല്ല അതിന് പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ട് എന്നുള്ളതാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഞാൻ ഇത് പറയാൻ കാരണം മലബാർ സിമന്റ്സിൽ ചുമട്ടുതൊഴിലാളിയെപോലും അയ്യായിരം രൂപ മുതൽ 10,000 രൂപ വരെ കൈക്കൂലി കൊടുത്തിട്ടാണ് നിയമിക്കുന്നത് എന്നാണ് കേൾക്കുന്നത്. ഇത് പാലക്കാട് ജില്ല മുഴുവനും പാട്ടാണ്. ഓരോ പാർട്ടിക്കും വിഭജിച്ചാണ് നടത്തുന്നത്. ഇത് ഒന്ന് അവസാനിപ്പിക്കാൻ എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഇത് സംബന്ധിച്ച് പരാതി കിട്ടിയാൽ അന്വേഷിച്ച് നടപടിയെടുക്കും. എന്നല്ലാതെ തൊഴിലാളികളുടെ കാര്യം പി. എസ്. സി. ക്ക് വിട്ടുകൊടുക്കുന്ന കാര്യത്തിൽ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട്. ഫാക്ടറികളുടെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. കെ. കൃഷ്ണൻകുട്ടി: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയാൽ മതി.

ശ്രീ. കെ. കരുണാകരൻ: സാധാരണ തൊഴിലാളികളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നത് അപൂർവ്വമാണ്.

ശ്രീ. കെ. പി. എ. മജീദ്: പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ പ്രാരംഭ ഘട്ടങ്ങളിൽ നിയമനം നേരിട്ട് നടത്തുന്നതുമൂലം പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുന്ന സന്ദർഭം വരുമ്പോൾ സ്വാഭാവികമായും അവിടെ തസ്തിക ഇല്ലാത്ത ഒരു സ്ഥിതിവിശേഷമാണ് ഉണ്ടാവുക. അതുകൊണ്ട് ഈ സ്ഥാപനങ്ങളിൽ നടത്തുന്ന നിയമനങ്ങളിൽ ഹരിജനങ്ങൾക്കും അതുപോലെ സംവരണം ലഭിക്കേണ്ട മറ്റു സമുദായങ്ങൾക്കും അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വല്ല സംവിധാനവും ഇപ്പോഴുണ്ടോ? ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഞാൻ കഴിഞ്ഞ ചർച്ചാവേളയിൽ പറയുകയുണ്ടായി പൊതുമേഖലാസ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ സാമുദായിക പ്രാതിനിധ്യം നിർബന്ധമായും പാലിക്കുമെന്ന്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും മറ്റ് ന്യൂനപക്ഷങ്ങൾക്കും പ്രത്യേകമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്, മാത്രമല്ല അത് സംബന്ധിച്ച് അവർ എത്രത്തോളം ആളുകളെ എടുത്തിട്ടുണ്ട് എന്നുള്ള വിവരവും ഗവൺമെന്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എവിടെയെങ്കിലും നിയമിക്കാതെ വരികയാണെങ്കിൽ ഒരു അച്ചടക്ക നടപടിയായി കരുതാമെന്ന് അവരെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: കെ. പി. എ. മജീദ് ചോദിച്ച പ്രധാന ചോദ്യത്തിന് ഉത്തരം പറഞ്ഞില്ല. അതേ ചോദ്യം തന്നെ ആവർത്തിക്കുന്നു. ഈ പുതിയ കമ്പനികൾ അതായത് പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങി അതിന്റെ പ്രവർത്തനം നടത്തുന്നതിനു വേണ്ടി താൽക്കാലികാടിസ്ഥാനത്തിലും മറ്റ് അടിസ്ഥാനത്തിലും നിയമനം നടത്തും. അവർ പിന്നെ സംഘടിച്ച് അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി സമരം നടത്തുകയും ഗവൺമെൻറ് മുട്ടുകുത്തുന്ന ഒരു സാഹചര്യം ഉണ്ടാകുകയും ചെയ്യും. അങ്ങനെ വരുമ്പോൾ സർവ്വീസ് കമ്മീഷൻ നിയമന ഉത്തരവ് നടപ്പാക്കുന്ന സമയത്ത് അവിടെ എല്ലാ നിയമനങ്ങളും നടന്നുകഴിഞ്ഞിരിക്കും. അത് ഒഴിവാക്കുന്നതിനുവേണ്ടി പുതിയ സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ തന്നെ സർവ്വീസ് കമ്മീഷൻ നിയമനങ്ങൾ നടത്താനുള്ള നടപടിക്രമം സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: പുതിയ വ്യവസായം ആരംഭിക്കുന്ന അവസരത്തിൽത്തന്നെ പി. എസ്. സി. ലിസ്റ്റ് എന്ന് പറഞ്ഞാൽ പ്രായോഗികമായി അത് സാദ്ധ്യമാവുകയില്ല. അതുകൊണ്ട് താൽക്കാലികമായി നിൽക്കുന്ന ആളുകളാണെങ്കിൽപ്പോലും പബ്ലിക്ക് സർവ്വീസ് ഹാൻറ്സ് വരുമ്പോൾ അവരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെടുകയല്ലാതെ ആരംഭത്തിൽ പി. എസ്. സി. ക്കാരെ കിട്ടിയതിനു ശേഷമേ ജോലി നടത്തൂ എന്നുള്ളത് പ്രായോഗികമല്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: പൊതുമേഖലാസ്ഥാപനങ്ങളിൽ ആരംഭത്തിൽത്തന്നെ പി. എസ്. സി. യിൽനിന്ന് നിയമിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്നു മുഖ്യമന്ത്രി പറഞ്ഞു. 41 പൊതുമേഖലാസ്ഥാപനങ്ങളിൽ ഇതുവരെയും നിയമനം പി. എസ്. സി. വഴി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ എത്ര കാലത്തിനുള്ളിൽ പി. എസ്. സി. ക്ക് വിടാൻ കഴിയും? അങ്ങനെ പി. എസ്. സിക്ക് വിടുന്നതുവരെയുള്ള കാലഘട്ടത്തിലെ നിയമനങ്ങൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലേയും നിയമനം പി. എസ്. സി. വഴി നടത്തണമെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയുണ്ടായി. അതിനാവശ്യമായ കാലതാമസം ഉണ്ടാകാതെ തരമില്ല. അതിനിടയിലുള്ളതായ നിയമനങ്ങളിൽ, സാങ്കേതികമായ നിയമനങ്ങളൊക്കെ ഇപ്പോഴും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനതന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ: പൊതുമേഖലാസ്ഥാപനങ്ങളിലെ ഒരേ തരത്തിലുള്ള തസ്തികകൾക്ക് വ്യത്യസ്ത ക്വാളിഫിക്കേഷനും പേസ്കെയിലും ഏർപ്പെടുത്തിയിട്ടുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ക്വാളിഫിക്കേഷനും പേസ്കെയിലും ഏകീകരിക്കുന്നതിന് ഗവൺമെൻറു നിർദ്ദേശം നൽകുമോ?

ശ്രീ. കെ. കരുണാകരൻ: അതിന്റെ പ്രയോഗികമായ ബുദ്ധിമുട്ട് ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഓരോ സ്ഥാപനത്തിലും ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെങ്കിൽ തൊഴിൽത്തർക്ക നിയമം ഭേദഗതി ചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ട് എല്ലാ പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിലേയും സമാന ഉദ്യോഗത്തിനുള്ള കാളിഫിക്കേഷനും ശമ്പളസ്കെയിലും ഏകീകരിക്കുന്നതിന് പ്രയാസമുണ്ട്. ഭാവിയിലുള്ള നിയമനങ്ങളിലെങ്കിലും ഇത് പരിഹരിക്കാൻ സാധിക്കുമോ എന്നു നോക്കാം.

ശ്രീ. സി. ടി. കൃഷ്ണൻ: കേരളാ വാട്ടർ ആൻറ് വെയ്സ്റ്റ് വാട്ടർ അതോറിറ്റിയിലെ നിയമനങ്ങളെല്ലാം ഇനി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയായിരിക്കുമെന്ന് ജലസേചനവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഇത് മന്ത്രിസഭയുടെ തീരുമാനമാണോ, അതോ ജലസേചന വകുപ്പുമന്ത്രിയുടെ അഭിപ്രായപ്രകടനം മാത്രമാണോ? ഇനിയുള്ള എല്ലാ നിയമനങ്ങളും പി. എസ്. സി. മുഖേന മാത്രമേ നടത്തുകയുള്ളു വെന്നു ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : മന്ത്രിയുടെ അഭിപ്രായമെന്നനിലയിൽ അത് ഗവൺമെൻറിൻെറ നയമാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രാതിനിധ്യം കൊടുക്കുന്നത് പ്യൂൺ, വാച്ചർ തുടങ്ങിയ താഴ്ന്ന പോസ്റ്റുകളിൽ മാത്രമാണ്. ടെക്നിക്കലി കാളിഫൈഡായിട്ടുള്ള ആളുകൾ ഉണ്ടെങ്കിൽ പ്പോലും അവരെ തഴഞ്ഞിട്ട് മറ്റാളുകളെ നിയമിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ചില സങ്കേതിക തസ്തികകൾക്ക് ആവശ്യ മായ ആളുകളെ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽനിന്ന് കിട്ടുന്നില്ലെന്നു ള്ളത് സത്യമാണ്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വേണ്ടിയാണ് അവർക്ക് സാങ്കേതിക വിഷയങ്ങളിൽ പ്രത്യേകമായ പരിശീലനം കൊടുക്കാൻ ഏർപ്പാട് ചെയ്തിട്ടുള്ളത്.

ശ്രീ. പി. കെ. കെ. ബാവ: പൊതുമേഖലാസ്ഥാപനങ്ങളിലേക്ക് നേരിട്ട് നിയമനം നടത്താനുള്ള ഏർപ്പാട് ഈ ഗവൺമെൻറ് ആരംഭി ച്ചതാണോ, അതോ ഇതിന് മുമ്പിരുന്ന സർക്കാരുകളും ഈ നടപടി കൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: വളരെക്കാലമായി നിലനിന്നുവരുന്ന ഒരു വ്യവസ്ഥയാണിത്. ഇത് പരിപൂർണ്ണമായി അവസാനിപ്പിക്കണ മെന്നാണ് ഈ ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻെറ അഭിമുഖ്യത്തിൽ തന്നെയുള്ള ഒരു പ്രത്യേക ബോർഡ് വഴി നടത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: ഒരു പ്രത്യേക ബോർഡ് വച്ച് നിയമനം നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചു. അതിന് ചില ബുദ്ധിമുട്ടു കളുണ്ട്. എന്നാൽ അതേ അവസരത്തിൽ പ്രാഥമികമായ അന്വേഷണ മൊക്കെ മാനേജ്മെൻറ് നടത്തിയതിനുശേഷം പബ്ലിക് സർവ്വീസ് കമ്മീഷനിലെ ഒരംഗത്തെയോ അല്ലെങ്കിൽ അതിന് യോഗ്യതയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരാളെയോ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ചെറിയ ബോഡി സെലക്ഷൻ നടത്തണമെന്ന് ഇതു സംബന്ധമായി കൂടിയ കോൺഫറൻസിലെടുത്ത തീരുമാനം പബ്ലിക്ക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുത്തിരിക്കുകയാണ്. അതിന്റെ മറുപടി കിട്ടിയതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ആറാം പഞ്ചവൽസര പദ്ധതിക്കാലത്ത് വ്യവസായങ്ങളിൽ ഉണ്ടായ കേന്ദ്ര മൂലധന മുതൽമുടക്ക്

*113 [115] ശ്രീ. എ. വി. താമരാക്ഷൻ:
,, കെ. കെ. ബാലകൃഷ്ണൻ:
,, എ. സി. ഷൺമുഖദാസ്:
,, സിറിയക് ജോൺ:
,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പഞ്ചവൽസരപദ്ധതിക്കാലത്ത് കേരളത്തിൽ ചെറുകിട-വൻകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, നാണ്യവിളകളുടെ ഉൽപ്പാദന മേഖല എന്നിവയിൽ കേന്ദ്ര വിഹിതമായി മൊത്തം എത്ര മൂലധന മുതൽമുടക്കുണ്ടായി;

(ബി) വ്യവസായ മേഖലയിലെത്ര; ഏതെല്ലാം വ്യവസായങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ;

(സി) പരമ്പരാഗത വ്യവസായത്തിൽ മൊത്തം എത്ര;

(ഡി) കയർ വ്യവസായത്തിൽ എത്ര;

(ഇ) കൈത്തറി വ്യവസായത്തിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 421.3 കോടിരൂപയുടെ മുതൽമുടക്കുണ്ടായി.

(ബി) കയർ, കൈത്തറി, ചെറുകിട, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളിലായി മൊത്തം 421.3 കോടി രൂപ മുതൽമുടക്കുണ്ട്.

	രൂപ
കയർവ്യവസായം	289.82 ലക്ഷം
കൈത്തറി	519.99 ,,
ചെറുകിട	499.60 ,,
കേന്ദ്രപൊതുമേഖല	40822.00 ,,
ആകെ	42131.41 ,,

സ്ഥാപനങ്ങളുടെ വിശദവിവരം ലഭ്യമായിട്ടില്ല.

(സി) പരമ്പരാഗത വ്യവസായത്തിൽ 809.81 ലക്ഷം രൂപ.

(ഡി) കയർവ്യവസായത്തിൽ 289.82 ലക്ഷം രൂപ.

(ഇ) കൈത്തറി വ്യവസായത്തിൽ 519.99 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 112 (114) കാണുക

LIST OF PUBLIC SECTOR UNDERTAKINGS THE APPOINTMENT TO WHICH HAS NOT BEEN BROUGHT WITHIN THE PURVIEW OF P. S. C.

1. Keltron Counters Ltd., Chavadimukku, Sreekariyam Trivandrum—695017.
2. Keltron Electro Ceramics, Trikkanapuram, Kuttippuram, Malappuram—679571.
3. Keltron Crystals, Ltd., Keltron Nagar, Kalliasseri Cannanore—670562.
4. Keltron Magnetics Ltd., Keltron Nagar, Kalliasseri, Cannanore.
5. Keltron Resisters Ltd., Keltron Nagar, Kalliasseri P. O., Cannanore—670562.
6. Keltron Power Devices Ltd., Mulamkunnathukavu, Trichur —680581.
7. Keltron Rectifiers Ltd., Mulamkunnathukavu, Trichur —680581.
8. Kerala State Detergents and Chemicals Ltd., Kuttippuram, 679571—Malappuram.
9. Metal Industries, Ltd., Metind Nagar, Shoranur—679122.
10. Steel Complex Ltd., Wisco Manor, P. B No. 42, Feroke, Calicut—673631.
11. Malabar Cements Ltd., Shobha, T.S.M. Complex Building, Railway Station Road, Palghat—678001.
12. Kerala State Textile Corporation Ltd., Diamond Hill, Vellayambalam, Trivandrum—695010.
13. Steel and Industrial Forgings Ltd., Athani, Mulamkunnathukavu P.O., Trichur—680771.
14. Kerala Autokast Ltd., S. L. Puram, Sherthalai, Alleppey.
15. Kerala Garments Ltd., P. M. 32/249, Thillery Road, Cannanore—670001.
16. Sitaram Textiles Ltd., Poomkunnam, Trichur—680002.
17. Astral Watches Ltd., 21/154, Beach Road, Kasargode—670121.
18. Metropolitan Engineering Co. Ltd., P. B. No. 6, West Thampanoor, Trivandrum—695001.

LIBRARY ARCHIVES Kerala Legislative Assembly

19. Kerala Automobiles, Ltd., T. C. 17/788, Ananda, Poojappura, P. B. No. 4, Trivandrum—695012.
20. SIDECO Mohn Kerala Ltd., Peringandoor P. O., Trichur —680581.
21. Kerala Agro Machinery Corporation Ltd., Athani, Ernakulam—683585.
22. Scooters Kerala, Ltd., 6/381, Vadackal P. O., Alleppey —688003.
23. Kerala State Bamboo Corporation Ltd., Angamally Ernakulam Dist.
24. Meat Products of India Ltd., Edayar P. O., Koothattukulam—686662, Ernakulam Dist.
25. Foam Mattings (India) Ltd., 8/530 A, Zacharia Bazar, Ward, Alleppey—688001.
26. Oil Palm India Ltd., No. 13, Ward No. 20, Arathoottil Junction, P. B. No. 53, Kottayam—686001.
27. Kerala State Wood Industries Ltd., Karunalayam, Wynad Road, Calicut—675001.
28. Kerala State Industrial Products Trading Corporation Ltd., "Sreebhas", 4/841, Kowdiar, Trivandrum—695003.
29. Kerala Inland Fisheries Development Corporation Ltd., "Reeja" Minehin Road, Vazhuthacaud, Trivandrum—695014.
30. Kerala State Beverages (Manufacturing and Marketing) Corporation Ltd., Sasthamangalam, Trivandrum—695010.
31. The Kerala State Handicapped Persons Welfare Corporation Ltd., T. C. 44/500, Manacaud, Trivandrum—695009.
32. Kerala State Development Corporation for Christian Converts from S.C. and Recommended Communities Ltd., P. B. No. 636, Kottayam.
33. Kerala Artisans' Development Corporation Ltd., T. C. 14/1461, Trivandrum—695033.
34. Kerala State Rural Development Board, Punnan Road, Trivandrum—695001.
35. Kerala School Teachers and Non-teaching Staff Welfare Corporation Ltd., Office of the Director of Public Instruction, Jagathy, Trivandrum.
36. Kerala Water and Waste Water Authority, Water Works Campus, Trivandrum—695033.
37. Kerala Salicylates and Chemicals Ltd., Kazhakkoottam, Trivandrum.

LIBRARY ARCHIVES Kerala Legislative Assembly

38. Kerala Asbestos Cement Pipe Factory Ltd., Kallattinkara, Trichur Dist.

39. The Rahabilitation Plantations Ltd., Tholicode, Punalur —691333.

40. Kerala Constructions Components Ltd., K. R. Puram P. O., Alleppey.

41. Kerala Building Components Ltd., Sherthalai.

അനുബന്ധം II

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 138 (140) കാണുക]

വകുപ്പ്	എ	ബി	സി
ധനകാര്യം	മൂന്ന്	ക്ലാസ് 2—3	രണ്ടു പേർ ഫിനാൻസ് പരിശോധനാ വിഭാഗത്തിലും ഒരാൾ സേവിംഗ്സ് ഡയറക്ടറേറ്റിലും
ജലസേചനം (സി.എ.ഡി.എ.)	ഒന്ന്	ക്ലാസ് 1—1	കമ്മാൻസ് ഏരിയാ വികസന വകുപ്പിൽ
നിയമവകുപ്പ്	ഒന്ന്	ക്ലാസ് 1—1	ഔദ്യോഗിക ഭാഷ (നിയമ നിർമ്മാണ കമ്മീഷൻ)
ജി.എ.ഡി. (സ്പെഷ്യൽ എ)	ഒന്ന്	ക്ലാസ് 1—1	ഡൽഹിയിലെ കേരളാ ഹൗസിൽ (സ്പെഷ്യൽ റപ്രസന്റേറ്റീവ്)
ജി.എ.ഡി. (സ്പെഷ്യൽ ബി)	രണ്ട്	ക്ലാസ് 1—2	ഫിനാൻസ് ഇൻസ്പെക്ഷൻ (വർക്സ്) വിംഗിൽ

അനുബന്ധം III

[നക്ഷത്ര ചിഹ്നമിട്ട 139 (141)-ാം നമ്പർ ചോദ്യം കാണുക]

ആദിവാസി കേന്ദ്രങ്ങളിൽ ലഭ്യമായിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ

1. ആശുപത്രികൾ

ആയുർവ്വേദ ആശുപത്രി :— ആറളം, കണ്ണൂർ ജില്ല

2. ആയുർവ്വേദ ഡിസ്പെൻസറികൾ:—

1. ചെട്ടിയാംപാറ, നെടുമങ്ങാട്
2. ഇടിഞ്ഞാർ, നെടുമങ്ങാട്
3. കുളത്തൂപ്പുഴ, പുനലൂർ

LIBRARY ARCHIVES Kerala Legislative Assembly